അന്തർസംസ്ഥാന സർവീസുകളിലെ യാത്രാ സൗജന്യം

239 (7802) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവ്വീസുകളിൽ ഏതൊക്കെ വിഭാഗക്കാർക്കാണ് യാത്രാസൗജന്യം അനുവദിച്ചിട്ടുള്ളത് ;

(ബി) ഇതിൽ ജീവനക്കാർ, പത്രപ്രവർത്തകർ, മറ്റ് ഏതെല്ലാം വിഭാഗത്തിലുള്ളവർക്കാണ് യാത്രാസൗജന്യം അനുവദിക്കുന്നത് ; നിലവിൽ നൽകിയിട്ടുള്ള ഇത്തരം സൗജന്യ യാത്രാ പാസ്സിന്റെ എണ്ണം പട്ടികതിരിച്ച് നൽകുമോ ;

(സി) ഇവർക്ക് യാത്രാസൗജന്യം നൽകുന്നതിന്റെ മാനദണ്ഡം എന്താണ് ; ഇനിയും ആരെയൊക്കെയാണ് ഇത്തരത്തിൽ സൗജന്യ യാത്രാ പട്ടികയിൽ പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ)

1. മുൻ ഗതാഗത വകുപ്പ് മന്ത്രിമാർ

2. എം.എൽ.എ.-മാർ, എം.പി.-മാർ, മുൻ എം.എൽ.എ.-മാർ.

3. അക്രഡിറ്റേഷനുള്ള പത്രപ്രവർത്തകർ (പ്രതിമാസം ഒരാളിന് 125 രൂപയാണ് പി.ആർ.ഡി. തരുന്നത്)

4. സ്വാതന്ത്ര്യസമര സേനാനികൾ

5. കേരളത്തിൽ നിന്നുള്ള അർജ്ജുന-ദ്രോണാചാര്യ, കബീർ പുരസ്കാരം അവാർഡ് ജേതാക്കൾ.

6. ട്രാൻ. കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് മെമ്പർമാർ.

7. അംഗീകൃത യൂണിയനുകളുടെ (നിലവിൽ രണ്ടെണ്ണം) ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക്.

8. കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട അന്തർ സംസ്ഥാന അപകട കേസ്സുകളിൽ പ്രോസിക്യൂഷൻ സാക്ഷിയായി ഹാജരാകേണ്ടവർക്ക് ടി ആവശ്യത്തിനുമാത്രം നൽകുന്ന പാസ്.

9. (a) മൂന്ന് വർഷം സർവ്വീസായ ജീവനക്കാർക്ക് വർഷത്തിൽ ഒന്ന് എന്ന കണക്കിന് നൽകുന്ന ഫാമിലി പാസ്.

(b) ജീവനക്കാർക്ക് വർഷത്തിൽ 12 എന്ന കണക്കിന് നൽകുന്ന പ്രിവിലേജ് പാസ്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് പ്രത്യേകമായി ചീഫ് ഓഫീസിൽനിന്നും എഴുതി വാങ്ങേണ്ടതാണ്. ഒരു ബസിൽ 3 പാസ് മാത്രമേ അനുവദിക്കുകയുള്ളൂ.

(ബി)

1. ജീവനക്കാർക്ക് അവരുടെ കൈവശമുള്ള പാസ് ഉപയോഗിച്ച് അന്തർ സംസ്ഥാന യാത്രക്ക് അനുവാദമില്ലാത്തതാണ്. ഇതിന് ചീഫ് ഓഫീസിൽനിന്നും പ്രത്യേക പാസ് വാങ്ങേണ്ടതാണ്.

2. പത്രപ്രവർത്തകർ ഉൾപ്പെടെയുള്ളവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

(a) പത്രപ്രവർത്തകർ - 521

(b) സ്വാതന്ത്ര്യസമര സേനാനികൾ, അവരുടെ വിധവകൾ - 2433

(c) എം.എൽ.എ.-മാർ,എം.പി.-മാർ, മുൻ എം.എൽ.എ.-മാർ - 397

(d) അർജ്ജുന-ദ്രോണാചാര്യ, കബീർ പുരസ്കാരം അവാർഡ് ജേതാക്കൾ - 21

(e) ട്രാൻ. കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് മെമ്പർമാരും മുൻ ബോർഡ് മെമ്പർമാരും - 19

(f) പദ്മശ്രീ പുരസ്കാരം - 1

(g) ബി.എസ്.എസ്. - 1

(h) പി.സി.എസ്.ആർ.എ. - 3

(സി) സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് യാത്രാ സൗജന്യം അനുവദിക്കുന്നത്. സൗജന്യ യാത്രാ പട്ടികയിൽ കൂടുതൽ വിഭാഗത്തെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

സ്റ്റേജ് കാര്യേജ് ബസ്സുകളുടെ കാലാവധി ദൈർഘ്യം

240 (7803) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേജ് കാര്യേജ് ബസ്സുകളുടെ കാലാവധി 15 വർഷത്തിൽനിന്നും 20 വർഷമായി വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) ബസ്സുകളുടെ കാലാവധി 15 വർഷമാക്കി നിജപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ ബസ്സുകളുടെ കാലാവധി കൂട്ടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly